പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 4658

28/06/2013-ൽ മറുപടിയ്ക്ക്

## നാളികേര വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) കേരള നാളികേര വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | എ) നാളികേര വികസന കോർപ്പറേഷൻ അടച്ചുപൂട്ടുവാൻ 1999-ൽ തീരുമാനിച്ചിരുന്നു. കഴിഞ്ഞ 13 വർഷമായി സ്ഥാപനം പ്രവർത്തനരഹിതമായിരുന്നു. നാളികേര കർഷകരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുകയെന്ന ലക്ഷ്യത്തോടുകൂടി നാളികേര കോർപ്പറേഷൻ പുനരുദ്ധരിക്കാൻ സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. കോർപ്പറേഷന്റെ പ്രവർത്തനം എത്രയും പെട്ടെന്ന് തുടങ്ങുന്നതിനുവേണ്ടിയുള്ള കാര്യങ്ങൾ ത്വരിതഗതിയിൽ നടന്നു വരികയാണ്. |
| ബി) കോർപ്പറേഷൻ ഉല്പാദിപ്പിക്കുന്ന എന്തെല്ലാം ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ; | ബി) നാളികേര കോർപ്പറേഷൻ ഇപ്പോൾ ഒരു ഉല്പന്നവും ഉല്പാദിപ്പിക്കുന്നില്ല. |
| സി) കോർപ്പറേഷന് കീഴിൽ നാളികേര കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ലാഭകരമാക്കുന്നതിനും വേണ്ടി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ? | സി) നാളികേര വികസന കോർപ്പറേഷൻ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിൽ വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്.<br><br>1. നാളികേര കോർപ്പറേഷൻ തുടക്കത്തിൽ 30 ടൺ കൊപ്ര സംസ്കരിക്കാവുന്ന ഒരു മില്ല് മാമത്ത് സ്ഥാപിക്കുന്നതുകൂടാതെ തേങ്ങ വെള്ളത്തിൽ നിന്നുള്ള കോൺസട്രേറ്റ്, ഇളനീരിൽ നിന്ന് ശീതളപാനീയം വെർജിൻ കോക്കനട്ട് ഓയിൽ, ഷെൽ പൗഡർ എന്നീ ഉല്പന്നങ്ങളും അവിടെ നിന്ന് ഉല്പാദിപ്പിക്കുന്നതാണ്.<br><br>2. ഓരോ താലൂക്കിലും ദിവസം മൂന്നു മുതൽ 5 ടൺ വരെ കൊപ്ര സംസ്കരിക്കാവുന്ന മില്ലുകൾ വാടകയ്ക്കെടുത്ത് സർക്കാരുമായി കൂടിയാലോചിച്ച് കൃഷി ഭവൻ മുഖാന്തിരം സംഭരിക്കുന്ന തേങ്ങ ഈ യൂണിറ്റുകളിൽ സംസ്കരിക്കുകയും ഇതിൽ നിന്ന് |

ലഭിക്കുന്ന കൊപ്ര ഉപയോഗപ്പെടുത്തി കോർപ്പറേഷന്റെ ബ്രാൻഡിൽ വെളിച്ചെണ്ണ ഉല്പാദിപ്പിക്കുന്നതുമാണ്. ഈ യൂണിറ്റുകളിൽ നിന്ന് ലഭിക്കുന്ന ചിരട്ടയും വെള്ളവും കോർപ്പറേഷന്റെ തേങ്ങ വെള്ള കോൺസ്ട്രേറ്റും ഷെൽപൗഡറും ഉല്പാദിപ്പിക്കുന്ന പ്ലാന്റിൽ ഉപയോഗപ്പെടുത്തുന്നതാണ്.

3. സർക്കാരുമായി കൂടിയാലോചിച്ച് താലൂക്ക് തോറും നീര ഉല്പാദിപ്പിക്കാനുള്ള പരിശീലനം നൽകുന്നതാണ്.

4. കേര ഉല്പന്നങ്ങളുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിന് എറണാകുളം ജില്ലയിലെ ഇടപ്പള്ളിയിൽ കേര ഉല്പന്നങ്ങളെ അടിസ്ഥാനമാക്കി ഉല്പാദിപ്പിക്കുന്ന Value added products- ന്റെ ഒരു അന്തർദേശീയ മാർക്കറ്റ് സ്ഥാപിക്കുന്നതാണ്. അതോടൊപ്പം ഇവിടെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് അവരുടെ ഉല്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വില്ക്കുന്നതിനുമുള്ള സൗകര്യങ്ങളും ഒരുക്കുന്നതാണ്.

5. തെങ്ങിൽ നിന്നുള്ള ഉല്പന്നങ്ങൾ ഉപയോഗപ്പെടുത്തി കരകൗശല ഉല്പന്നങ്ങൾ ഉൾപ്പെടെയുള്ള വിവിധ ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിൽ ഏർപ്പെട്ടിരിക്കുന്ന ചെറുകിട/ ഇടത്തരം ഉല്പാദകർക്ക് വിപണനം വിപുലീകരിക്കുന്നതിന് കോർപ്പറേഷൻ സഹകരിച്ച് പ്രവർത്തിക്കുന്നതാണ്.

6. മാമത്ത് ദേശീയ പാതയോട് ചേർന്ന് പൊതുമേഖലാ സ്ഥാപനങ്ങളുടേതുൾപ്പെടെയുള്ള ഉല്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിൽക്കുന്നതിനുമുള്ള സൗകര്യത്തോടുകൂടിയ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ